മാധ്യമം

08 May 2020

മത്സ്യ ലാൻഡിങ് സെൻററുകളുടെ ഓൺലൈൻ ഡാറ്റാബേസുമായി സി.എം.എഫ്.ആർ.ഐ

സലീം പാടത്ത്

ബേപ്പൂർ: മീൻപിടിത്തം കഴിഞ്ഞെത്തുന്ന സംസ്ഥാനത്തെ ലാൻഡിങ് സെൻററുകൾ കോവിഡ്19 ഹോട്സ്പോട്ടുകളുമായുള്ള സമ്പർക്കം വ്യക്തമാക്കുന്ന ഓൺലൈൻ ഡേറ്റാബേസ് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) പുറത്തിറക്കി. കോവിഡ് ഹോട്സ്പോട്ടുകളുമായുള്ള ദൂരപരിധിക്കനുസരിച്ച് കേരളത്തിലെ മൊത്തം 156 ഫിഷ് ലാൻഡിങ് സെൻററുകളെ വിവിധ നിറവ്യത്യാസങ്ങളിൽ തരംതിരിച്ച ജി.ഐ.എസ് (ഭൂവിവര വിനിമയ സാങ്കേതികവിദ്യ) ഡാറ്റാബേസാണ് തയാറാക്കിയത്. സി.എം.എഫ്.ആർ.ഐയുടെ വെബ്സൈറ്റിൽ (www.cmfri.org.in) ഇൻഫോഗ്രാഫിക്സ് വിഭാഗത്തിൽ നൽകിയിട്ടുള്ള ഓൺലൈൻ ഡാറ്റാബേസിലൂടെ ഓരോ ലാൻഡിങ് സെൻററുകളും ഹോട്സ്പോട്ടുകളുമായി എത്ര അടുപ്പമുണ്ടെന്ന് ആർക്കും മനസ്സിലാക്കാം. വിവിധ വിഭാഗങ്ങളായാണ് ലാൻഡിങ് സെൻററുകളെ തരംതിരിച്ചിട്ടുള്ളത്. ഹോട്സ്പോട്ടിൻെറ മുന്ന് കിലോമീറ്റർ പരിധിയിൽവരുന്നതാണ് ആദ്യവിഭാഗം. ഹോട്സ്പോട്ടുകളുടെ മുന്ന് കിലോമീറ്റർ പരിധിയിലുള്ള ലാൻഡിങ് സെൻററുകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാരിൻെറ ഹോട്സ്പോട്ടുകളുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് 17 ലാൻഡിങ് സെൻററുകൾ ഈ ഗണത്തിലാണ് പെടുന്നത്.

കോഴിക്കോട് (2), കണ്ണൂർ (4), കാസർകോട് (6) എറണാകുളം (3), തിരുവനന്തപുരം (2) എന്നീ ജില്ലകളിലാണ് ഇവ ഉൾപ്പെടുന്നത്. കോവിഡ് സുരക്ഷാ മുൻകരുതലുകൾക്ക് അതീവപ്രാധാന്യം നൽകേണ്ട കേന്ദ്രങ്ങളാണ് ഇവ. ഹോട്സ്പോട്ടുകളിൽ നിന്നും, മുന്ന് മുതൽ അഞ്ച് കിലോമീറ്റർ പരിധിയിലുള്ള ലാൻഡിങ് സെൻററുകളാണ് രണ്ടാം വിഭാഗത്തിലുള്ളത്. ഈ ഗണത്തിൽപെടുന്ന 12 ലാൻഡിങ് സെൻററുകളാണ് നിലവിലുള്ളത്. അഞ്ച് മുതൽ 10 വരെ കി.മീ പരിധിയിൽ വരുന്ന അടുത്ത വിഭാഗത്തിൽ നിലവിലെ ഹോട്സ്പോട്ട് കണക്കനുസരിച്ച് 39 ഫിഷ് ലാൻഡിങ് സെൻററുകളാണുള്ളത്.

സംസ്ഥാന ആരോഗ്യവകുപ്പ് പുറത്തുവിടുന്ന ഹോട്സ്പോട്ട് സംബന്ധിച്ച വിവരങ്ങളാണ് സി.എം.എഫ്.ആർ.ഐ അവലംബിച്ചിട്ടുള്ളത്. ഹോട്സ്പോട്ടുകളുടെ നിർണയത്തിൽ മാറ്റം വരുന്നതിനനുസരിച്ച് ഈ ഡേറ്റബേസിലും മാറ്റം വരുത്തും.

ഓരോ ലാൻഡിങ് സെൻററുകളിലും വ്യത്യസ്തമായ സുരക്ഷാ ക്രമീകരണങ്ങൾ നടപ്പാക്കാൻ ഇതുവഴി സാധിക്കും. ഏതൊക്കെ ലാൻഡിങ് സെൻററുകളിലാണ് കൂടുതൽ കരുതൽ വേണ്ടതെന്ന് പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കുമെന്നതാണ് സി.എം.എഫ്.ആർ.ഐ വികസിപ്പിച്ച ഡാറ്റാബേസിൻെറ പ്രത്യേകത. മറ്റ് നിർദേശം സ്ഥാനങ്ങളിലെയും വിവരങ്ങൾ ശേഖരിച്ച് ഇൻഫോഗ്രാഫിക്സ് വിപുലപ്പെടുത്താനുള്ള ശ്രമവും തുടങ്ങിക്കഴിഞ്ഞു. ശാസ്ത്രജ്ഞരായ ഡോ. ജെ. ജയശങ്കർ, ഷെൽട്ടൺ പാദുവ, സി. രാമചന്ദ്രൻ, എം.എ. പ്രദീപ് എന്നിവരടങ്ങുന്ന സംഘമാണ് ജി.ഐ.എസ് ഡാറ്റാബേസ് വികസിപ്പിച്ചത്.